(സി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി.-ക്ക് മൊത്തം 16.35 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ഇതുവരെ 3.35 കോടി രൂപ കെ.എസ്.ഐ.ഡി.സി. ചെലവാക്കിയിട്ടുണ്ട്.

വ്യവസായ പാർക്കുകൾ

181 (566) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ എത്ര വ്യവസായ പാർക്കുകൾ പ്രവൃത്തിക്കുന്നുവെന്നും ഇവയുടെ പുരോഗതി വിവരം എന്തെന്നും വ്യക്തമാക്കുക; ഈ സ്ഥാപനങ്ങളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ 22 വ്യവസായ പാർക്കുകൾ ഉണ്ട്. ഈ പാർക്കുകളിൽ എല്ലാംതന്നെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് അനുബന്ധ അനുമതികൾ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഈ പാർക്കുകളെല്ലാം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാണ്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ അലോട്ട് ചെയ്തിട്ടുള്ള വ്യവസായ സംരംഭങ്ങളിൽ സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരം 32734 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

കോട്ടയം ടെക്സ്റ്റൈൽസ്

182 (567) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസിലെ നിലവിലുള്ള മെഷീനുകൾ മെയിന്റനൻസ് ചെയ്യുകയും ആധുനികവൽക്കരണം നടപ്പിലാക്കുകയും ചെയ്യണമെന്ന ആവശ്യത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കാമോ;

(ബി) കോട്ടൺ നൂൽ പൂർണ്ണതോതിൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ആയതിന് ആവശ്യമായ പരുത്തി ഇടർച്ചയായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോ-ഓപ്പറേറ്റീവ് ബാങ്കിൽ എത്ര രൂപയുടെ ബാദ്ധ്യതയാണ് കോട്ടയം ടെക്സ്റ്റയിൽസിന് ഉള്ളത്; ഇത് സ്ഥിരമായി അടച്ചു തീർക്കുന്നുണ്ടോ; എത്ര തവണ മുടക്കം വരുത്തിയെന്ന് അറിയിക്കാമോ;

(ഡി) ഇ.എസ്.ഐ. പരിധി കഴിഞ്ഞ തൊഴിലാളികളുടെ കുടുംബത്തിന് പകരം ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly